# 2016-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

835/2016.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 20

# 2016-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ അക്ഷയ സെന്ററുകൾ നടത്തുന്ന ആയിരക്കണക്കിന് അഭ്യസ്തവിദ്യരായ സംരംഭകർക്ക് ഭാവിജീവിതത്തിനുള്ള സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തുവാൻ "കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ അക്ഷയ സെന്ററുകൾ നടത്തുന്ന ആയിരക്കണക്കിന് അഭ്യസ്തവിദ്യരായ സംരംഭകർക്ക് ഭാവിജീവിതത്തിനുള്ള സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തുവാൻ "കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് '2016-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ആക്റ്റ്' എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കും.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "വിജ്ഞാപനം" എന്നാൽ ഈ ആക്റ്റ് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ബി) "വകുപ്പ്" എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(ഡി) "ക്ഷേമനിധി" എന്നാൽ അക്ഷയ സംരംഭകരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിക്കുന്ന ഒരു ബോർഡ് അഥവാ ഒരു സമിതി എന്നർത്ഥമാകുന്നു;

(ഇ) "ക്ഷേമനിധി ബോർഡ്" എന്നാൽ ഈ ആക്റ്റിലെ 3-ാം വകുപ്പുപ്രകാരം രൂപീകരിക്കുന്ന ബോർഡ് എന്നർത്ഥമാകുന്നു.

3. ക്ഷേമനിധി ബോർഡ് രൂപീകരണം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് എന്ന പേരിൽ ഒരു സമിതി രൂപീകരിക്കാവുന്നതാണ്.

(2) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

(എ) തൊഴിൽ, ഐ.ടി. വകുപ്പ് സെക്രട്ടറിമാർ;

(ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ചെയർമാൻ/ചെയർപേഴ്സൺ;

(സി) കാര്യനിർവ്വഹണാധികാരത്തോടുകൂടിയ സർക്കാർ നിയമിക്കുന്ന മാനേജിംഗ് ഡയറക്ടർ;

(ഡി) സർക്കാർ നോമിനേറ്റ് ചെയ്യുന്ന സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം എന്നീ വകുപ്പുകളിലെ ഓരോ പ്രതിനിധികൾ;

(ഇ) സർക്കാർ നോമിനേറ്റ് ചെയ്യുന്ന അഞ്ച് മറ്റ് പ്രതിനിധികൾ;

(എഫ്) ഐ. ടി. മിഷൻ ഡയറക്ടർ.

4. ബോർഡിന്റെ പ്രവർത്തനം.—(1) ക്ഷേമനിധി ബോർഡ് അഥവാ സമിതിയുടെ പ്രവർത്തനത്തിന് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ നിയമനം സർക്കാർ ചട്ടപ്രകാരം നടത്തേണ്ടതാണ്.

(2) ക്ഷേമനിധി ബോർഡിന് ജില്ലാ അടിസ്ഥാനത്തിൽ ഉപസമിതികൾ രൂപീകരിക്കേണ്ടതാണ്. ജില്ലാ ലേബർ ഓഫീസർ അദ്ധ്യക്ഷനായി രൂപീകരിക്കുന്ന ഉപസമിതിയിലെ അംഗങ്ങളെ സർക്കാരിന് നിർദ്ദേശിക്കാവുന്നതാണ്.

(3) ക്ഷേമനിധിയുമായി ബന്ധപ്പെട്ട ജില്ലാടിസ്ഥാനത്തിൽ ഉത്ഭവിക്കുവാൻ സാധ്യതയുള്ള തർക്കങ്ങളും പ്രശ്നങ്ങളും ഈ ഉപസമിതി പരിഹരിക്കേണ്ടതാണ്. സംസ്ഥാന ക്ഷേമനിധി ബോർഡായിരിക്കും പ്രസ്തുത സമിതിയുടെ അപ്പലേറ്റ് അതോറിറ്റി.

5. സമിതിയുടെ കർത്തവ്യങ്ങൾ.—(1) അക്ഷയ സംരംഭകരുടെയും അവരുടെ ആശ്രിതരുടേയും ആരോഗ്യപരിരക്ഷ, വിവാഹം, വിദ്യാഭ്യാസം എന്നിവയ്ക്ക് സഹായം നൽകുകയും, സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

(2) അക്ഷയ സംരംഭകർക്ക് സഹായകരമായ രീതിയിയുള്ള ക്ഷേമ പെൻഷനുകൾ നടപ്പിലാക്കുക.

(3) അക്ഷയ സംരംഭകർ പ്രതിവർഷം ക്ഷേമനിധിയിലേക്ക് ബോർഡ് നിശ്ചയിക്കുന്ന ഒരു വിഹിതം അടയ്ക്കേണ്ടതാണ്. പ്രസ്തുത ക്ഷേമനിധിയിലേക്ക് സർക്കാരിന്റെ ഒരു വിഹിതംകൂടി നൽകേണ്ടതാണ്. കൂടാതെ, ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനുള്ള ഗ്രാന്റും പ്രതിവർഷം സർക്കാർ അനുവദിക്കേണ്ടതാണ്.

6. ചട്ടങ്ങൾ പുറപ്പെടുവിക്കുവാനുള്ള അധികാരം.—(1) ഈ നിയമം നടപ്പാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ ആക്റ്റിലെ വ്യവസ്ഥകൾക്ക് ഭംഗംവരാത്തവിധം പുറപ്പെടുവിക്കുവാൻ സംസ്ഥാന ഗവൺമെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) ഈ ബിൽ പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം നിയമസഭാ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ആകെ 14 ദിവസത്തേക്ക്—അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ ഉൾപ്പെടാം—വയ്ക്കേണ്ടതും യഥാവിധി അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതത് സംഗതിപോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും, ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗംവരുത്താത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

വിവരസാങ്കേതികവിദ്യ മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളേയും സ്പർശിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ മേഖലയിലെ സേവനങ്ങൾ സംസ്ഥാനത്തെ ജനങ്ങൾക്ക് പരമാവധി സൗകര്യപ്പെടുത്തിക്കൊടുക്കുന്നത് അക്ഷയ കേന്ദ്രങ്ങളാണ്. കേരളത്തിൽ ഇന്ന് 3000-ൽപ്പരം അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭകർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള സർവ്വീസ് ചാർജ് മാത്രമാണ് ഇവർ നൽകുന്ന സേവനങ്ങൾക്ക്

ലഭിക്കുന്നത്. അക്ഷയ കേന്ദ്രങ്ങളിലെ തുച്ഛമായ വരുമാനംകൊണ്ട് കഷ്ടിച്ച് ജീവിതം മുന്നോട്ട് നയിക്കുന്ന ബിരുദവും ബിരുദാനന്തര ബിരുദവും ഉള്ള സംരംഭകരാണ് ഇവരിൽ ഭൂരിഭാഗവും. ഇവർക്ക് ഗവൺമെന്റിൽനിന്ന് മറ്റൊരാനുകൂല്യവും സംരക്ഷണവും നിലവിലില്ല. ഇവരിൽ ഭൂരിഭാഗവും 10 വർഷത്തിലധികമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നവരാണ്. ധാരാളം സ്ത്രീ സംരംഭകരും ഈ മേഖലയിലുണ്ട്. കേരളം പൂർണ്ണമായും ഡിജിറ്റൽ ആയി മാറുന്ന ഈ കാലഘട്ടത്തിൽ അക്ഷയ സംരംഭകർക്ക് വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുക എന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിന്റെ വ്യവസ്ഥകൾക്കനുസരിച്ച് ക്ഷേമനിധി ബോർഡ് നിലവിൽ വരികയും പ്രവർത്തനക്ഷമമാകുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന് എത്രമാത്രം സാമ്പത്തിക ബാധ്യത വരികയുള്ളൂ എന്ന് തിട്ടപ്പെടുത്തുവാൻ സാധിക്കൂ. എന്നിരുന്നാലും പ്രാരംഭ നടപടികൾക്കായി സഞ്ചിതനിധിയിൽനിന്നും 1 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഇതിലെ വ്യവസ്ഥ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്നതായ ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കുവാനും സഭയ്ക്ക് അത് ഭേദഗതി ചെയ്യുവാനും റദ്ദാക്കുവാനുമുള്ള അധികാരം നൽകിയിട്ടുള്ളത്, നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്ക് വേണ്ടിയാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

എൻ. ഷംസുദ്ദീൻ, എം. എൽ. എ.